# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഡിസംബർ 31, ചൊവ്വ

**നമ്പർ 201**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു. സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിച്ചു.

I. സ്റ്റാറ്റ്യൂട്ടറി പ്രമേയം :

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഭരണഘടനയുടെ 368-ാം അനുച്ഛേദ പ്രകാരമുള്ള, താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

> "That this House ratifies the amendments to the Constitution of India falling within the purview of clause (d) of proviso to clause (2) of article 368, proposed to be made by the Constitution (One Hundred and Twenty-sixth Amendment) Bill, 2019, as passed by both the Houses of Parliament."

പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി.

II. ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയങ്ങൾ :

മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

1. പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ 126-ാം ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം 10 വർഷം കൂടി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന്

ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26-ന് അവസാനിക്കുന്ന പ്രാതിനിധ്യ കാലാവധി 10 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുനൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി.

2. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു :

2019-ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരു സഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ഇടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യ വ്യാപകമായി പ്രതിഷേധം ഉയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ സമാധാനപരമായ പ്രതിഷേധം ഒറ്റക്കെട്ടായി ഉയർന്നുവന്നിട്ടുണ്ട്.

പൗരത്വം നൽകുന്നതിനായി പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന 2019-ലെ പൗരത്വ ഭേദഗതി നിയമം നമ്മുടെ ഭരണഘടനയുടെ പാർട്ട് III-ലെ മൗലികാവകാശമായ സമത്വ തത്വത്തിന്റെ ലംഘനമാണ്.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിവിധ ധാരകളുടെ സമന്വയം കൂടിയായിരുന്നു. അവ മുന്നോട്ടുവച്ച ആധുനിക ജനാധിപത്യത്തെയും മതനിരപേക്ഷ കാഴ്ചപ്പാടിനെയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണ ഘടന രൂപപ്പെട്ടുവന്നത്. പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു നാഴികക്കല്ലായി രൂപീകരിക്കപ്പെട്ട നമ്മുടെ ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മനഃസ്ഥിതിയിലും അധിഷ്ഠിതമായ ഒന്നുകൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് ഇന്ത്യൻ ദേശീയത. നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിന്റെ അടിത്തറ അതുകൊണ്ടുതന്നെയാണ് ഭരണഘടന ഉൾക്കൊണ്ടിട്ടുള്ളത്.

2019-ലെ പൗരത്വ ഭേദഗതി നിയമം, പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് 2014 ഡിസംബർ 31-ന് മുമ്പ് കുടിയേറിപ്പാർത്ത ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മതവിശ്വാസികൾക്ക് പൗരത്വം നൽകുന്നതും മുസ്ലീങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഉൾപ്പെടുന്ന ഒന്നാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ

മത-രാഷ്ട്ര സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ഇത് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമായതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാന ഘടനയുമായി പൊരുത്തപ്പെടുന്നതല്ല.

ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം എല്ലാ മതവിഭാഗങ്ങളുടെയും മതനിരപേക്ഷ കാഴ്ചപ്പാടുള്ളവരുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ട സന്ദർഭമാണിത്.

നമ്മുടെ രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴി വയ്ക്കുന്നതും, ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ജെയിംസ് മാത്യു

ശ്രീ. വി. ഡി സതീശൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എം. സ്വരാജ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. പി. സി. ജോർജ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എ. എൻ. ഷംസീർ

ഡോ. എം. കെ. മുനീർ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും വകുപ്പുമന്ത്രി.

ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു.

പ്രമേയത്തിന് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി.

പതിനാലാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

ഉച്ചയ്ക്ക് 12.38-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Seventeenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, December 31, 2019*

**No. 201**

The Assembly met at 9.00 a.m. with Mr. Speaker in the Chair. The National Anthem was sung before the commencement of the Session.

*I. Statutory Resolution* :

Shri Pinarayi Vijayan, Chief Minister moved the Resolution under Article 368 of the Constitution.

> "That this House ratifies the amendments to the Constitution of India falling within the purview of clause (d) of proviso to clause (2) of article 368, proposed to be made by the Constitution (One Hundred and Twenty-sixth Amendment) Bill, 2019, as passed by both the Houses of Parliament."

*II. Government Resolutions (Rule 118) :*

Chief Minister, Shri Pinarayi Vijayan moved the following resolution and spoke :

1. പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ 126-ാം ഭരണഘടനാ ഭേദഗതി ബിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം 10 വർഷം കൂടി ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ 2030 ജനുവരി 25 വരെ മേൽപ്പറഞ്ഞ സംവരണം തുടരാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 334(b) പ്രകാരം ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 2020 ജനുവരി 26-ന് അവസാനിക്കുന്ന പ്രാതിനിധ്യ കാലാവധി 10 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാൻ 126-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല

രാജ്യത്ത് നാളിതുവരെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലഭിച്ചുവരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി അടിയന്തരനടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

The Resolution was passed unanimously.

Chief Minister, Shri Pinarayi Vijayan moved the following resolution:

2. 2019-ലെ പൗരത്വ ഭേദഗതി ബിൽ പാർലമെന്റിന്റെ ഇരു സഭകളും അംഗീകരിച്ചതിനെത്തുടർന്ന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ഇടയിൽ ആശങ്കകൾ രൂപപ്പെടുകയും രാജ്യ വ്യാപകമായി പ്രതിഷേധം ഉയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ സമാധാനപരമായ പ്രതിഷേധം ഒറ്റക്കെട്ടായി ഉയർന്നുവന്നിട്ടുണ്ട്.

പൗരത്വം നൽകുന്നതിനായി പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന 2019-ലെ പൗരത്വ ഭേദഗതി നിയമം നമ്മുടെ ഭരണഘടനയുടെ പാർട്ട് III-ലെ മൗലികാവകാശമായ സമത്വ തത്വത്തിന്റെ ലംഘനമാണ്.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം വിവിധ ധാരകളുടെ സമന്വയം കൂടിയായിരുന്നു. അവ മുന്നോട്ടുവച്ച ആധുനിക ജനാധിപത്യത്തെയും മതനിരപേക്ഷ കാഴ്ചപ്പാടിനെയും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണ ഘടന രൂപപ്പെട്ടുവന്നത്. പൗരാവകാശങ്ങൾക്കും സമത്വത്തിൽ അധിഷ്ഠിതമായ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു നാഴികക്കല്ലായി രൂപീകരിക്കപ്പെട്ട നമ്മുടെ ഭരണഘടന ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സമത്വത്തിലും ശാസ്ത്രീയ മനഃസ്ഥിതിയിലും അധിഷ്ഠിതമായ ഒന്നുകൂടിയാണ്. വിവിധ ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് ഇന്ത്യൻ ദേശീയത. നാനാത്വത്തിൽ ഏകത്വം എന്ന വീക്ഷണത്തിന്റെ അടിത്തറ അതുകൊണ്ടുതന്നെയാണ് ഭരണഘടന ഉൾക്കൊണ്ടിട്ടുള്ളത്.

2019-ലെ പൗരത്വ ഭേദഗതി നിയമം, പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേക്ക് 2014ഡിസംബർ 31-നുമുമ്പ് കുടിയേറിപ്പാർത്ത ഹിന്ദു, സിഖ്, ബുദ്ധ, ജൈന, പാഴ്സി; ക്രിസ്ത്യൻ മതവിശ്വാസികൾക്ക് പൗരത്വം നൽകുന്നതും മുസ്ലീങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഉൾപ്പെടുന്ന ഒന്നാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കപ്പെടുമ്പോൾ മത-രാഷ്ട്ര സമീപനമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ഇത് ഭരണഘടന മുന്നോട്ടു വയ്ക്കുന്ന മതനിരപേക്ഷ കാഴ്ചപ്പാടിന് കടകവിരുദ്ധമായതിനാൽ ഈ നിയമം ഭരണഘടനയുടെ അടിസ്ഥാന ഘടനയുമായി പൊരുത്തപ്പെടുന്നതല്ല.

ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ മതനിരപേക്ഷത സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം എല്ലാ മതവിഭാഗങ്ങളുടെയും മതനിരപേക്ഷ കാഴ്ചപ്പാടുള്ളവരുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ട സന്ദർഭമാണിത്.

നമ്മുടെ രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങളിൽ ഉയർന്നുവരുന്ന ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പൗരത്വം നൽകുന്നതിൽ മതാടിസ്ഥാനത്തിലുള്ള വിവേചനത്തിന് വഴി വയ്ക്കുന്നതും, ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത തകർക്കുന്നതുമായ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

The following Members took part in the discussion:

Shri James Mathew

Shri V. D. Satheesan

Shri C. Divakaran

Shri K. V. Abdul Khader

Shri Mathew T. Thomas

Shri Mons Joseph

Shri Shafi Parambil

Shri O. Rajagopal

Shri M. Swaraj

Shri K. B. Ganesh Kumar

Shri P C.George

Smt. E. S. Bijimol

Shri Kovoor Kunjumon

Shri Mani C. Kappan

Shri Anoop Jacob

Shri A. N. Shamseer

Dr. M. K. Muneer

Shri A. Pradeep Kumar

Shri Ramesh Chennithala, Leader of Opposition.

Shri Ramachandran Kadannappalli, Minister for Ports, Museums, Archaeology and Archives.

Chief Minister replied to the points raised during the discussion.

The amendment moved by Shri K. C. Joseph was withdrawn by the leave of the House.

The resolution was passed unanimously.

The Speaker made a brief review of the Seventeenth Session of the Fourteenth Kerala Legislative Assembly.

National Anthem was sung at the end of the proceedings.

The House adjourned sine die at 12.38 p.m.

S. V. UNNIKRISHNAN NAIR,
*Secretary.*